(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് എത്രകാലം കൂടുമ്പോഴാണ് സുരക്ഷാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്;

(ബി) ഗവൺമെന്റ് വിദ്യാലയങ്ങളുടെ കെട്ടിടങ്ങളെ സംബന്ധിച്ചും ഈ സർട്ടിഫിക്കറ്റ് ആവശ്യമാണോ;

(സി) സംസ്ഥാനത്ത് സുരക്ഷിതത്വമില്ലാത്ത എത്ര സ്കൂൾ കെട്ടിടങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് മാനേജ്മെന്റിലുള്ള സ്കൂൾ കെട്ടിടങ്ങൾ, എയിഡഡ് സ്കൂൾ കെട്ടിടങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ അദ്ധ്യയന വർഷവും സുരക്ഷാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) ആവശ്യമാണ്.

(സി) മുന്നൂറിൽപ്പരം കെട്ടിടങ്ങൾ സുരക്ഷിതമല്ല എന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) & (ഇ) ഉണ്ട്. എസ്.എസ്.എ. യുടെ മാനദണ്ഡമനുസരിച്ച് ഗവ. യു.പി. സ്കൂളുകളുടെ (1 മുതൽ 8 വരെ) അറ്റകുറ്റപ്പണികളാണ് ചെയ്യുന്നത്. ഗവ. ഹൈസ്കൂളുകൾക്ക് ജില്ലാ പഞ്ചായത്തും എയ്ഡഡ് സ്കൂളുകൾക്ക് മാനേജർമാരുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

പാഠപുസ്തക അച്ചടി

54 [3037] *ശ്രീ. പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 വർഷത്തിലേക്ക് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഏതെല്ലാം പ്രസ്സുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിൽ സർക്കാർ പ്രസ്സുകൾ എത്രയെന്നും കെ.ബി.പി.എസുകൾ എത്രയെന്നും സ്വകാര്യ പ്രസ്സുകൾ എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) അച്ചടി പൂർത്തിയായി പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കെ.ബി.പി.എസ്. പ്രസ്സിൽ പാഠപുസ്തകങ്ങളുടെ അച്ചടി നിർത്തിവച്ച് ലോട്ടറിയുടെയും +2 പുസ്തകങ്ങളുടെയും അച്ചടി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) നിശ്ചിത സമയത്ത് അച്ചടി പൂർത്തിയാക്കാതെ വന്നാൽ കെ. ബി. പി. എസ്. പ്രസ്സിൽ നിന്നും പീനൽ ചാർജ് സർക്കാർ ഈടാക്കാറുണ്ടോ?

GPM. 2/608/2012—12

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (1) കേരള ബുക്സ് ആൻഡ് പബ്ളിക്കേഷൻ സൊസൈറ്റി, തൃക്കാക്കര

(2) വിവിധ ഗവൺമെന്റ് പ്രസ്സുകൾ.

(3) കേരള ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, തിരുവനന്തപുരം എന്നിവയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, ഇതിൽ

സർക്കാർ പ്രസ്സുകൾ- 6

സർക്കാർ അധീനതയിലുള്ള സ്വയംഭരണ പൊതുമേഖലാ സംരംഭങ്ങൾ - 2

സ്വകാര്യ പ്രസ്സുകൾക്ക് ചുമതല നൽകിയിട്ടില്ല.

(ബി) അച്ചടി പൂർത്തീകരിച്ച പുസ്തകങ്ങളിൽ കരുതൽ ശേഖരം കേന്ദ്ര സ്റ്റോറുകളിൽ സൂക്ഷിച്ച് ജില്ലാ ഡിപ്പോകൾക്ക് ആവശ്യമുള്ളവ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു.

(സി) ഇല്ല.

(ഡി) ഇല്ല.

ഐ. ടി. അറ്റ് സ്കൂൾ പദ്ധതിപ്രകാരം കമ്പ്യൂട്ടർ

55 [3038] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. അറ്റ് സ്കൂൾവഴി എത്ര ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചു;

(ബി) ഇക്കൊല്ലം ഇനി എത്ര സ്കൂളുകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇതുപ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചു;

(ഡി) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ ജില്ല തിരിച്ച് കണക്ക് നൽകുമോ?

ഉത്തരം

(എ) 763 സർക്കാർ ഹൈസ്കൂളുകളിൽ ഐ. ടി. അറ്റ് സ്കൂൾ പദ്ധതി മുഖേന കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയനവർഷം ഇതുവരെ 257 ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഐ. ടി. അറ്റ് സ്കൂൾ പദ്ധതിപ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly